# കേരള സർവകലാശാല

നം. പി.ആർ.060/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.കോം പരീക്ഷ

കേരള സർവകലാശാല മെയ് മാസത്തിൽ ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ ബി.കോം (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട് സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 25 (50 രൂപ പിഴയോടെ മാർച്ച് 29, 250 രൂപ പിഴയോടെ മാർച്ച് 31) വരെയും അപേക്ഷിക്കാം. 2014 അഡ്മിഷൻ മുതലുള്ളവർ (www.de.keralauniversity.ac.in എന്ന വെബ്സൈറ്റ് മുഖേന) ഓൺലൈനായി മാത്രം അപേക്ഷിക്കണം. സപ്ലിമെന്ററി പരീക്ഷയെഴുതിയവർക്ക് പരീക്ഷാഫലം വന്നതിന് ശേഷം അപേക്ഷിക്കാം.

### ബി.എസ്‌സി ഫലം

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എസ്‌സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ബി.എസ്‌സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി, ബി.എസ്‌സി എൻവയോൺമെന്റൽ സയൻസ് & എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (ഗ്രൂപ്പ് ടു (എ)) കോഴ്സുകളുടെ (2013-ന് മുമ്പുള്ളത്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ബി.എൽ. ഫലം

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എൽ. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി മാർച്ച് 31.

### പരീക്ഷകൾ മാറ്റിവച്ചു

കേരള സർവകലാശാല മാർച്ച് 27 മുതൽ 31 വരെ നടത്താനിരുന്ന എല്ലാ പരീക്ഷകളും സർവകലാശാല യുവജനോത്സവം നടക്കുന്നതിനാൽ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

### ബി.ബി.എ ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിൽ നാലിന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.ബി.എ സപ്ലിമെന്ററി (2013, 2014 അഡ്മിഷൻ) പരീക്ഷ ടൈംടേബിൾ കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ലഭിക്കും.

### നേതൃത്വപരിശീലന ക്യാമ്പ്

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡൻസ് സർവീസസിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന നേതൃത്വപരിശീലന ക്യാമ്പ് നടന്നു. സ്റ്റുഡൻസ് സെന്റർ ഡയറക്ടർ ഡോ.ടി.വിജയലക്ഷ്മിയുടെ നേതൃത്വത്തിൽ നടന്ന ക്യാമ്പ് എം.എൽ.എ.ശ്രീ. മുകേഷ് ഉദ്ഘാടനം ചെയ്തു. സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നായി ഇരുനൂറോളം

കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. നേതൃത്വപരിശീലനം, സ്ത്രീശാക്തീകരണം, സൈബർ സെക്യൂരിറ്റി, മാനുഷിക മൂല്യങ്ങൾ തുടങ്ങി വിവിധവിഷയങ്ങളിൽ ബോധവൽകരണ ക്ലാസുകളും പാനൽചർച്ചകളും നടന്നു. ഇതിനോടനുബന്ധിച്ച് സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചിരുന്നു. സിൻഡിക്കേറ്റംഗങ്ങളായ ശ്രീ. കെ.എസ്.ഗോപകുമാർ, ശ്രീ. അബ്ദുൾ റഹീം തുടങ്ങിയവർ പങ്കെടുത്തു.




## ട്യൂഷൻഫീസ് ആനുകൂല്യം കൈപറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ 2008, 2009, 2010 അദ്ധ്യയനവർഷങ്ങളിൽ വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടിയിട്ടുള്ള എസ്സി/എസ്ടി/ഒ.ഇ.സി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ ട്യൂഷൻഫീസ് ആനുകൂല്യങ്ങൾ ഐഡന്റിറ്റി കാർഡുകൾ സഹിതം വന്ന് മാർച്ച് 30–ന് മുമ്പായി പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്ന് കൈപറ്റണം. മാർച്ച് 30–ന് ശേഷമുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ലെന്നും തുക ഗവൺമെന്റിലേക്ക് തിരിച്ചടക്കുന്നതായിരിക്കും.

തിരുവനന്തപുരം.
20.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098